**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2987** **07.12.2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ. ശശി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29.11.2018 തീയതി വരെ 3,28,336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 55,430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡ് നൽകൽ ആരോഗ്യ പരിരക്ഷ എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. കൂടാതെ 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിലും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ